പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4908      26.06.2019 ൽ മറുപടിയ്ക്ക്

<u>ടാക്സി സർവ്വീസ് മേഖലയിലെ മാന്ദ്യം</u>

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിപ വൈറസ്, പ്രളയക്കെടുതി എന്നിവ മൂലം ടാക്സി സർവ്വീസ് മേഖലയിൽ ധാരാളം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതുമൂലം പ്രസ്തുത തൊഴിലാളികൾക്ക് എന്തെങ്കിലും സമാശ്വാസ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഗതാഗതവകുപ്പ് ഇത്തരത്തിൽ സമാശ്വാസ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. |
| (ബി) | ടാക്സി സർവ്വീസ് മേഖലയിലെ മാന്ദ്യത്താൽ സാമ്പത്തിക ബുദ്ധിമുട്ട് മൂലം ടാക്സ്, ഇൻഷ്വറൻസ് എന്നിവ അടക്കുവാൻ പ്രസ്തുത തൊഴിലാളികൾക്ക് സാധിക്കുന്നില്ല എന്നതിനാൽ പ്രസ്തുത തുക തവണകളായി അടക്കുവാനുള്ള സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ടാക്സി സർവ്വീസ് മേഖലയിലെ തൊഴിലാളികളുടെ നിരന്തരമായ അഭ്യർത്ഥന പ്രകാരം ബഹു.ഹൈക്കോടതിയുടെ 04/06/2014 - ലെ ഇടക്കാല ഉത്തരവിലൂടെ 15 വർഷത്തെ ഒറ്റത്തവണ നികുതിക്കു പകരം 5 വർഷത്തെ നികുതി അടച്ചവരിൽ നിന്നും ബാക്കി 10 വർഷത്തെ നികുതി ഈടാക്കുന്നതിനായി 10/05/2018 - ൽ തുടങ്ങുന്ന അഞ്ച് തവണ വ്യവസ്ഥകളും പിന്നീട് 30/11/2018- ൽ തുടങ്ങുന്ന 3 തവണ വ്യവസ്ഥകളും അനുവദിച്ചു നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ